# സാമൂഹിക ആഘാത പഠന കരട്റിപ്പോർട്ട്

## കുറ്റ്യാടി–പെരിഞ്ചേരിക്കടവ് റെഗുലേറ്ററും പാലവും അനുബന്ധറോഡും നിർമ്മിക്കുവാൻ ഭൂമി ഏറ്റെടുക്കൽ: ചെറുവണ്ണൂർ വില്ലേജിൽ, കൊയിലാണ്ടി താലൂക്ക്, കോഴിക്കോട് ജില്ല.



**സമർപ്പണം**
**ജില്ലാ കളക്ടർ, കോഴിക്കോട്**


**ഏജൻസി: ഡോൺ ബോസ്കോ ആർട്സ് ആൻറ് സയൻസ് കോളേജ്,**
**അങ്ങാടിക്കടവ്, ഇരിട്ടി, കണ്ണൂർ – 670706**
**Phone: (0490) 2426014; 7012516402**
**dbascoffice@gmail.com**


**2 ജൂലൈ 2024**

# സമർപ്പണം

കോഴിക്കോട് ജില്ലാഭരണകൂടത്തിൻെറ നടപടി പ്രകാരവും File No. DCKKD / 8248 / 2022-B-2 (1) , സർക്കാർ GO ( P )No . 1659/ 2024 / RD തിയതി 24/05/2024 , ചെറുവണ്ണൂർ വില്ലേജിൽ, കൊയിലാണ്ടി താലൂക്ക് കോഴിക്കോട് ജില്ലയിൽ കുറ്റ്യാടിപ്പുഴക്കു കുറുകെ പെരിഞ്ചെരിക്കടവ് റെഗുലേറ്ററും പാലവും അനുബന്ധറോഡും നിർമ്മിക്കുവാൻ ഭൂമി ഏറ്റെടുക്കുന്നതിനായി സാമൂഹ്യ ആഘാത പഠനം നടത്തുവാൻ ഇരിട്ടി, അങ്ങാടിക്കടവ് ഡോൺ ബോസ്കോ ആർട്സ് ആൻറ് സയൻസ് കോളേജിനെ ഏൽപിച്ചുകൊണ്ട് ഉത്തരവായി. ഡെപ്യൂട്ടികളക്ടർ (എൽ.എ.) കോഴിക്കോട് കളക്ട്രേറ്റ്, ഭൂമി ഏറ്റെടുക്കൽ പ്രത്യേക ഓഫിസർ (സ്പെഷ്യൽ തഹസിൽദാർ എൽ. എ, കിഫ്ബി), കെ.ഐ.ഐ.ഡി.സി കോഴിക്കോട് എന്നീ ഓഫീസുകളിൽനിന്നും ലഭിച്ച അലൈൻറ്മെൻറ് രൂപരേഖയും കൂടതെ, ചെറുവണ്ണൂർ പഞ്ചായത്ത് ഓഫീസിൽനിന്നും വാർഡ് മെംബെർമാരും മറ്റ് അധികാരികളും നൽകിയ വിവരങ്ങൾ അനുസരിച്ചും പദ്ധതിബാധിത കുടുംബങ്ങളിൽനിന്നും തത്പരകക്ഷികളിൽനിന്നും വിവരങ്ങളും ശേഖരിച്ചാണ് സാമൂഹ്യ ആഘാത പഠനസംഘം ഈ റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളത്. പഠന റിപ്പോർട്ടിൻെറ കരട് കോപ്പി 2024 ജൂലൈ2 ന് പ്രസിദ്ധീകരിക്കുകയും ഫോറം–5 വിജ്ഞാപനം പത്രങ്ങളിലൂടെ അറിയിക്കുകയും ചെയ്തു. വസ്തുവകകളെ സംബന്ധിച്ചും, ഉടമസ്ഥതയെ സംബന്ധിച്ചുമുള്ള ഇതിൻെറ ആധാരരേഖകൾ ബന്ധപ്പെട്ട അധികാരികൾ പരിശോധിക്കേണ്ടതാണ്.

ഡയറക്ടർ
സാമൂഹ്യ ആഘാത പഠന സംഘം
ഡോൺ ബോസ്കോ ആർട്സ് ആൻറ് സയൻസ് കോളേജ്

# അദ്ധ്യായം 1
# പദ്ധതി സംഗ്രഹം

**1.1 പദ്ധതിയും പൊതു താത്പര്യവും**

കോഴിക്കോട് ജിലയിൽ, കൊയിലാണ്ടി താലൂക്ക് ചെറുവണ്ണൂർ വില്ലേജിൽ കൊയിലാണ്ടി താലൂക്ക് കോഴിക്കോട് ജില്ലയിൽ കുറ്റ്യാടിപ്പുഴക്കു കുറുകെ പെരിഞ്ചെരിക്കടവ് റെഗുലേറ്ററും പാലവും അനുബന്ധറോഡും നിർമ്മിക്കുവാൻ ഭൂമി ഏറ്റെടുക്കുന്നത് ഒരു പൊതു ആവശ്യമാണ്. ഈ പദ്ധതിയുടെ പ്രധാനലക്ഷ്യം കുറ്റ്യാടിപ്പുഴയുടെ ഇരുകരകളിലുമുള്ള പ്രദേശങ്ങളിൽ 1720 ഹെക്ടർ വിസ്തൃതിയിൽ ഭൂജലനിരപ്പുയർത്തി കുടിവെള്ളക്ഷാമം പരിഹരിക്കാനും ഉപ്പുവെള്ള പ്രശ്നം പരിഹരിക്കാനും കാർഷിക മേഖലയുടെ പുരോഗതിക്കും കാരണമകും. അതുപോലെതന്നെ ഗുളികപ്പുഴ പാലത്തിനടുത്ത് കൂരാങ്കോട് കേരള വാട്ടർ അതോരിറ്റിയുടെ കുടിവെള്ള വിതരണ പദ്ധതിക്കും ഇത് ഗുണകരമാകും. അതിനാൽ എല്ലാപ്രകാരത്തിലും ഇത് ഒരു പൊതുതാൽപര്യ പദ്ധതിയാണ്.

പദ്ധതി രൂപരേഖ പ്രകാരം ചെറുവണ്ണൂർ വില്ലേജിൽ 7 സർവേ നമ്പരുകളിൽനിന്നുമായി (4 വ്യക്തികളുടെ, വസ്തുക്കളും 1 റോഡും) ആകെ 0.2740 ഹെക്ടർ സ്ഥലമാണ് റെഗുലേറ്ററും പാലവും നിർമ്മിക്കുവാൻ അനുബന്ധറോഡിനായി ഏറ്റെടുക്കേണ്ടത്. കേരള ഇരിഗേഷൻ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെൻറ് കോർപൊറേഷൻ (KIIDC) ആണ് നിർമ്മണച്ചുമതല. കിഫ്ബിയിൽനിന്ന് Rs.68,3600000/- രൂപയാണു പദ്ധതിക്കായി ചെലവ് പ്രതീക്ഷിക്കുന്നത്.

**1.2 പദ്ധതി പ്രദേശം**

കോഴിക്കോട് ജിലയിൽ, കൊയിലാണ്ടി താലൂക്കിൽ ചെറുവണ്ണൂർ വില്ലേജിൽ കുറ്റ്യാടിപ്പുഴക്കു കുറുകെ പെരിഞ്ചെരിക്കടവിൽ റെഗുലേറ്ററും പാലവും അനുബന്ധറോഡും നിർമ്മിക്കുവാൻ ഭൂമി ഏറ്റെടുക്കുന്നത് ചെറുവണ്ണൂർ പഞ്ചായത്തിൽ 10ം വാർഡിൽ ഉൾപ്പെടുന്ന പ്രദേശമാണിത്.




Google map of the location

**1.3 പദ്ധതിപ്രദേശത്തിൻെറ വലിപ്പവും സ്വഭാവവും**

കുറ്റ്യാടിപ്പുഴക്കു കുറുകെ പെരിഞ്ചേരിക്കടവിൽ റെഗുലേറ്ററും പാലവും അനുബന്ധറോഡും നിർമ്മിക്കുവാൻ ഭൂമി ഏറ്റെടുക്കുന്നത് ആകെ 0.2740 ഹെക്ടർ സ്ഥലമാണ് അനുബന്ധ റോഡിനായി ഏറ്റെടുക്കേണ്ടത്. ഏറ്റെടുക്കുവാനുള്ള ഭൂമി തെങ്ങു കൃഷി നടത്തുന്ന പ്രദേശമാണ്, 1 പൊതു റോഡും ഈ പ്രദേശത്തുണ്ട്.

**1.4.പദ്ധതിയ്ക്ക് ആവശ്യമായ ഭൂമി**

| പദ്ധതിയ്ക്ക് ആവശ്യമായ ഭൂമി : Survey Numbers & Area | ആകെ |
|---|---|
| ചെറുവണ്ണൂർ വില്ലേജ്: 22/1, 22/2, 22/3, 23/1, 23/5, 23/6, 23/7 | 0.2740 Hector |

കുറ്റ്യാടിപ്പുഴക്കു കുറുകെ പെരിഞ്ചേരിക്കടവിൽ റെഗുലേറ്ററും പാലവും അനുബന്ധറോഡും നിർമ്മിക്കുവാൻ ഭൂമി ഏറ്റെടുക്കുന്നത് ചെറുവണ്ണൂർ വില്ലേജിൽ 7 സർവേ നമ്പറുകളിൽനിന്നും (4 വ്യക്തികളുടെ), ആകെ 0.2740 ഹെക്ടർ സ്ഥലമാണ് ഏറ്റെടുക്കേണ്ടത്.

**1.5. സാദ്ധ്യതയുള്ള ഇതര പ്രദേശങ്ങൾക്കായുള്ള അന്വേഷണം**

പഠനസംഘം പദ്ധതി വികസനത്തിനായി മറ്റ് പ്ലാനുകളും രൂപകൽപ്പനകളും അന്വേഷിച്ചു. ഇതര സാദ്ധ്യതകളെക്കുറിച്ച് ബാധിതരായ പ്രദേശവാസികളോടും മുഖ്യവിവര ദാതാക്കളോടും തിരക്കി. അനുബന്ധറോഡിനായി ഭൂമി ഏറ്റെടുക്കുന്നത് കുറ്റ്യാടിപ്പുഴക്കു കുറുകെ പെരിഞ്ചേരിക്കടവിൽ റെഗുലേറ്ററും പാലവുമായി ബന്ധിപ്പിക്കുന്നതിനാണു. റെഗ്ഗുലേറ്ററിൻെറയും പാലത്തിൻെറയും നിർമ്മാണം തുടങ്ങിയതിനാൽ ബധൽ മാർഗം എന്നത് അപ്രസക്തമാണ്.

**1.6. സാമൂഹ്യ ആഘാതം**

ഏകദേശം 0.2740 ഹെക്ടർ സ്ഥലമാണ് അനുബന്ധറോഡ് നിർമ്മിക്കുന്നതിനുവേണ്ടി ഏറ്റെടുക്കുവാനുള്ള ഭൂമി. താമസസ്ഥലങ്ങളോമറ്റ് സാമൂഹ്യ ജീവിതത്തെ ബാധിക്കുന്ന ഒന്നും ബാധിതമാകിന്നില്ല. കുറ്റ്യാടിപ്പുഴയോടു ചേർന്നുള്ള പ്രദേശമാണ്. ഏറ്റെടുക്കുവാനുള്ള ഭൂമി തെങ്ങു കൃഷി നടത്തുന്ന പ്രദേശമാണ്, 1 പൊതു റോഡും ഈ പ്രദേശത്തുണ്ട്.

4 വ്യക്തികളുടെയും അവരുടെ ആശ്രിതരുടെയും, ഉൾപ്പെടെ വസ്തുക്കൾ ബാധിക്കുന്നതും ഭൂ ഉടമകൾക്കുണ്ടാകുന്ന വരുമാന നഷ്ടവുമാണ് ഏറ്റെടുക്കലിൻെറ ഏറ്റവും മുഖ്യമായ ആഘാതം. ഇവിടെയുള്ള ഭൂമി ഏറ്റെടുക്കൽ 11 പുരുഷന്മാരും 9 സ്ത്രീകളുമുൾപ്പടെ 20 വ്യക്തികളെയും ബാധിക്കുമെന്നാണ് കണക്കാക്കുന്നത്. ഉപജീവനമാർഗ്ഗത്തിലുണ്ടാകാവുന്ന നഷ്ടം. 4 പേർക്കും അവരുടെ പരമ്പരാഗതമായ ഭൂസ്വത്ത് ആയതിനാൽ ഭൂമിയുമായുള്ള വൈകാരിക ബന്ധത്തിനും കോട്ടം സംഭവിക്കും.

**1.7. ആഘാത ലഘൂകരണ മാർഗ്ഗങ്ങൾ**

ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ആക്റ്റ് (Right to Fair Compensation and Transparency in Land

Acquisition, Resettlement and Rehabilitation Act - RFCTLARR) 2013 അനുശാസിക്കുന്ന പ്രകാരം സാമൂഹ്യ ആഘാതം ലഘൂകരിക്കുവാൻ സാധിക്കുമെന്നാണ് പഠനത്തിൽനിന്നും മനസ്സിലാക്കാൻ സാധിക്കുന്നത്.

പട്ടിക 1.2 സാമൂഹ്യ ആഘാതവും ലഘൂകരണ നടപടികളും

| *ക്രമ സംഖ്യ* | സർവ്വേ നമ്പർ | സ്ഥിതി: പ്രത്യക്ഷം / പരോക്ഷം | ലഘൂകരണ നിർദ്ദേശങ്ങൾ |
|---|---|---|---|
| 1 | ഭൂമി നഷ്ടപ്പെടുന്നത് | 4- വ്യക്തികൾ | ഭൂമി ഏറ്റെടുക്കൽ 2013 നിയമ പ്രകാരം നഷ്ടപരിഹാരം |
| 2 | വീടുകൾ/ കെട്ടിടങ്ങൾ | 00 ആരുമില്ല | 00 |
| 3 | മതിൽ ഗെയ്റ്റ് | 00 ആരുമില്ല | 00 |
| 4 | ജല ഉറവിടം | 00 ആരുമില്ല | 00 |
| 5 | ഉപജീവനമാർഗ്ഗം/ വരുമാന നഷ്ടം | 4-വ്യക്തികൾ, -പ്രത്യക്ഷം. തെങ്ങ്കൃഷി വരുമാനം ഉപജീവന മാർഗ്ഗം. | ഭൂമി ഏറ്റെടുക്കൽ 2013 നിയമ പ്രകാരം നഷ്ടപരിഹാരം |
| 6 | പൊതുസേവന ലഭ്യതയും പൊതുആസ്തി വിഭവങ്ങളും | 1 റോഡ്, | ഭൂമി ഏറ്റെടുക്കൽ 2013 നിയമപ്രകാരം നഷ്ടപരിഹാരം, പുനരധിവസിപ്പിക്കൽ |
| 7 | ആരാധനാലയ സ്ഥലം / ആസ്തി | ഒന്നുമില്ല | 00 |

### 1.8. സാമൂഹ്യ ആഘാത ദുരീകരണ പദ്ധതി

സാമൂഹ്യ ആഘാത പഠനത്തിൽ നടത്തിയ അവലോകനങ്ങളുടെയും അന്വേഷണങ്ങളുടെയും ചർച്ചകളുടെയും വെളിച്ചത്തിൽ ബാധിതരിൽ ഭൂരിഭാഗം പേരും ശരിയായ നഷ്ടപരിഹാരത്തിലൂടെ ആഘാതം കുറക്കാനാവും എന്നാണു അഭിപ്രായപ്പെട്ടത്. കോഴിക്കോട് ജിലയിൽ, കൊയിലാണ്ടി താലൂക്കിൽ ചെറുവണ്ണൂർ വില്ലേജിൽ കുറ്റ്യാടിപ്പുഴക്കു കുറുകെ പെരിഞ്ചെരിക്കടവിൽ റെഗുലേറ്ററും പാലവും അനുബന്ധറോഡും നിർമ്മിക്കുന്നതിനുവേണ്ടി ഭൂമി ഏറ്റെടുക്കൽ മുഖേന ഉണ്ടാകാവുന്ന സാമൂഹ്യ ആഘാതലഘൂകരണപ്ലാൻ വികസിപ്പിച്ചെടുത്തിരിക്കുന്നു. അതിൻെറ വിശദാംശങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

#### സാമ്പത്തിക വശങ്ങൾ

ഭൂമിയോ വിഭവങ്ങളോ ഉപജീവന മാർഗ്ഗങ്ങളോ നഷ്ടപ്പെടുന്ന കുടുംബങ്ങൾക്ക് നിയമം അനുശാസിക്കുന്ന നഷ്ടപരിഹാരം/പുനഃരധിവാസം ലഭ്യമാക്കണം. നെൽവയലുകളും കാർഷികവിഭവങ്ങളും നഷ്ടമാകുന്നത് ഉപജീവനമാർഗ്ഗത്തെയും ബാധിക്കുന്നവർക്ക് ഭൂമി ഏറ്റെടുക്കൽ 2013 നിയമപ്രകാരം നഷ്ടപരിഹാരം/പുനരധിവസിപ്പിക്കൽ ലഭ്യമാക്കണം. ഇവിടെ ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തിയാകുന്നതിനു മുൻപുതന്നെ നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങിയത് ബാധിതരുടെ വരുമാനത്തെ ബാധിച്ചു. നിർമ്മാണത്തിനാവശ്യമായ ഭൂമി ഏറ്റെടുത്ത് ശേഷിച്ച ഭൂമിയിൽ ഉപജീവനമാർഗം തുടരുന്നതിനുവേണ്ട നടപടികൾ എടുക്കാത്തത് നിർമ്മാണ അവശിഷ്ടങ്ങളുടെ തടസ്സം മൂലം കൃഷി ചെയ്യാൻ സാധിക്കുന്നില്ല. ബാധിതർക്കു ധന നഷ്ടം ഉണ്ടാകുന്നു. .

**പാരിസ്ഥിതികം**

പദ്ധതി നടപ്പാക്കുന്നവർ പദ്ധതി പ്രദേശത്തുള്ള വൃക്ഷലതാദികൾ പരമാവധി സംരക്ഷിച്ച് പരിസ്ഥിതിക്ക് അനുകൂലമായ നിർമ്മാണം ഉറപ്പുവരുത്തണം. ആവശ്യമായ ചാലുകൾ (ഡ്രൈനേജുകൾ) നിർമ്മിച്ച് നീരൊഴുക്ക് ക്രമീകരിക്കണം. നിർമ്മാണ അവശിഷ്ടങ്ങളുടെ തടസ്സം നീക്കണം.

| പട്ടിക 1.3 - ഗുണകരമായ ഫലങ്ങൾ | | | |
|---|---|---|---|
| **അനന്തര ഫലങ്ങൾ** | **പ്രത്യക്ഷം/ പരോക്ഷം** | **താത്കാലികം / ശാശ്വതം** | **പ്രധാനം / അപ്രധാനം** |
| തിരുവള്ളൂർ–ചെരുവണ്ണൂർ പഞ്ചായത്തുകളെത്തമ്മിൽ ബന്ധിപ്പിക്കുന്നു | പ്രത്യക്ഷം | ശാശ്വതം | പ്രധാനം |
| ഗതാഗതം മെച്ചപ്പെടുമ്പോൾ ഏറ്റവും അടുത്ത നഗരമായ വടകരയിലേക്ക്യാത്രയും സുഗമമകുന്നു. | പ്രത്യക്ഷം | ശാശ്വതം | പ്രധാനം |
| പ്രദേശത്തിൻെറ സമഗ്ര കാർഷികപുരോഗതി | പ്രത്യക്ഷം | ശാശ്വതം | പ്രധാനം |
| കുറ്റ്യാടിപ്പുഴയുടെ ഇരുകരകളിലുമുള്ള പ്രദേശങ്ങളിൽ 1720 ഹെക്റ്റർ വിസ്തൃതിയിൽ ഭൂജലനിരപ്പുയർത്തി ഉപ്പുവെള്ളപ്രശ്നം പരിഹരിച്ച് കുടിവെള്ളക്ഷാമം പരിഹരിക്കും. | പ്രത്യക്ഷം | ശാശ്വതം | പ്രധാനം |

പദ്ധതി ബാധിതരുമായി നടത്തിയ ചർച്ചകളിൽ പരമാവധി നഷ്ടപരിഹാരം നൽകി ഭൂമി ഏറ്റെടുത്ത് നിർമ്മാണം പൂർത്തിയാക്കി പൊതുജനത്തിൻെറ ദുരിതം ഇല്ലാതാക്കണമെന്നും അഭിപ്രായപ്പെട്ടു.

| പട്ടിക 1.3 - ദോഷകരമായ ഫലങ്ങൾ | | | |
|---|---|---|---|
| **അനന്തര ഫലങ്ങൾ** | **പ്രത്യക്ഷം/ പരോക്ഷം** | **താത്കാലികം / ശാശ്വതം** | **പ്രധാനം / അപ്രധാനം** |
| 4 ഉപജീവനമാർഗ്ഗത്തെ സാരമായി ബാധിക്കുന്നു. | പ്രത്യക്ഷം | ശാശ്വതം | പ്രധാനം |
| 4 വ്യക്തികളുടെയും അവരുടെ ആശ്രിതരുടെയും | പ്രത്യക്ഷം | ശാശ്വതം | പ്രധാനം |
| 31 പുരുഷന്മാരും 32 സ്ത്രീകളുമുൾപ്പടെ 63 വ്യക്തികളെയും ബാധിക്കുന്നു. | പരോക്ഷം | ശാശ്വതം | പ്രധാനം |
| പൈലിങ്ങ്മൂലം തൊട്ടടുത്ത വീടിനുണ്ടായ കേടുപടുകൾ | പ്രത്യക്ഷം | താത്കാലികം | പ്രധാനം |

**1.9 പുനരധിവാസ/ പുന:സ്ഥാപനത്തിനുള്ള മാർഗ്ഗങ്ങൾ**

ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള അവകാശ ആക്റ്റ് (Right to Fair Compensation and Transparency in Land Acquisition, Resettlement and Rehabilitation Act - RFCTLARR) 2013 അനുശാസിക്കുന്ന പ്രകാരം സാമൂഹ്യ ആഘാതം ലഘൂകരിക്കുവാൻ സാധിക്കുന്നതാണ്. ഭൂമിയിലും വരുമാനത്തിലും ഉൽപ്പാദന മുതലുകളിലും പൊതു സൗകര്യങ്ങളിലും ബാധിതരുടെ നഷ്ടങ്ങൾ നിയമം അനുശാസിക്കുന്ന പരിഹാരത്തിലൂടെ കൈകാര്യം ചെയ്യുവാൻ സാധിക്കും. ഉപജീവനമാർഗ്ഗമായ തെങ്ങ്കൃഷി വരുമാനവും ഉൾപ്പെടെ, പൊതു ആസ്തി വിഭവങ്ങളും ചേർന്നതാണ് പൂർണ്ണമായോ ഭാഗികമായോ നഷ്ടം സംഭവിക്കുന്ന നിർമ്മിത ഘടകങ്ങൾ (റോഡ്) .

**1.10. പദ്ധതി ബാധിതരുടെ പ്രധാനപ്പെട്ട നിർദ്ദേശങ്ങൾ / അഭിപ്രായങ്ങൾ**

ആഘാതം ലഘൂകരിക്കുവാൻ പദ്ധതി ബാധിതരുടെ പ്രധാനപ്പെട്ട നിർദ്ദേശങ്ങൾ /അഭിപ്രായങ്ങൾ താഴെപ്പറയുന്നവയാണ്:

**ബാധിതരുടെ അഭിപ്രായങ്ങൾ**

- ഉപജീവനമാർഗം നഷ്ടമകുമെന്നതിനാൽ തക്കതായ നഷ്ടപരിഹാരം ലഭ്യമാക്കുക.
- മിക്കവർക്കും പരമ്പരാഗതമായി കിട്ടിയ വസ്തുവാണ്.
- വിപണി മൂല്യം അനുസരിച്ച് വില കണക്കാക്കണമെന്ന് ചിലർ അഭിപ്രായപ്പെട്ടു.
- ശേഷിച്ച സ്ഥലത്ത് തെങ്ങ്കൃഷി നടത്തുന്നതിനുവേണ്ട പുനരധിവാസ പ്രവർത്തനങ്ങൾ ചെയ്ത് നൽകുക
- നിർമ്മാണ പ്രവർത്തനങ്ങളും അവശിഷ്ടങ്ങളും വീടിനെയും കൃഷിയേയും ബാധിക്കുന്നത് പരിഹരിക്കുക.

**1.11 പ്രാബല്യത്തിലുള്ള നിയമങ്ങളും ചട്ടങ്ങളും**

സാമൂഹ്യ – സാമ്പത്തിക ആഘാതത്തെക്കുറിച്ച് പ്രാബല്യത്തിലുള്ള ദേശീയ നിയമങ്ങളും ചട്ടങ്ങളുമനുസരിച്ച് നിർദ്ദേശിക്കപ്പെട്ടിരിക്കുന്ന വികസന പദ്ധതികളിൽ പ്രകൃതി വിഭവങ്ങളെയോ കാലാവസ്ഥയെയോ ഉപജീവനത്തെയോ പൊതു ആരോഗ്യത്തെയോ സുരക്ഷയെയോ പ്രതികൂലമായി ബാധിക്കുന്നില്ലെന്ന് പദ്ധതിയുടെ ഉപജ്ഞാതാവ് ഉറപ്പുവരുത്തണം. ഈ നൈയാമിക നിലപാട് സാമൂഹ്യ ആഘാത പഠനത്തിൻെറ പ്രാധാന്യം വർദ്ധിപ്പിക്കുകയും ഈ പദ്ധതി സുസ്ഥിരമായ ഒന്നാക്കുവാനും ആവശ്യപ്പെടുന്നു. പ്രസ്തുത പദ്ധതിയ്ക്കുവേണ്ടിയുള്ള ഭൂമി ഏറ്റെടുക്കൽ പ്രക്രിയയെ ബാധിക്കുന്ന നിയമ വ്യവസ്ഥകൾ താഴെ പറയുന്നവയാണ്:

- ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള അവകാശ ആക്റ്റ് (Right to Fair Compensation and Transparency in Land Acquisition, Resettlement and Rehabilitation Act - RFCTLARR) 2013
- ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള അവകാശ ചട്ടങ്ങൾ (കേരള) 2015
- കേരള സർക്കാർ–നികുതി വിഭാഗം–ഭൂമി ഏറ്റെടുക്കലിൽ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കുമുള്ള സംസ്ഥാന നയങ്ങൾ
- വിവരാവകാശ നിയമം 2005
- ഭിന്നശേഷിക്കാരുടെ അവകാശ നിയമം 2016

ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള അവകാശ ആക്റ്റ് (Right to Fair Compensation and Transparency in Land Acquisition, Resettlement and Rehabilitation Act - RFCTLARR) 2013

കേന്ദ്ര നിയമം അദ്ധ്യായം 4, വകുപ്പ് 11: പൊതു ആവശ്യത്തിനായി ഏതെങ്കിലും മേഖലയിൽ ഭൂമി ആവശ്യമാണെന്ന് സർക്കാരിന് ബോധ്യപ്പെട്ടാൽ അതിൻെറ വിശദാംശങ്ങൾ ഔദ്യോഗിക വിജ്ഞാപനത്തിലും 2 വർത്തമാന പത്രങ്ങളിലും സർക്കാരിൻെറ വെബ്സൈറ്റിലും പ്രസിദ്ധീകരിക്കുകയും പദ്ധതി ബാധിക്കുന്നവരെ അറിയിക്കേണ്ടതുമാണ്. വകുപ്പ് 4: ഭൂമി ഏറ്റെടുക്കുന്നതിന് മുൻപ് ബാധിത പ്രദേശത്തെ സ്വകാര്യഭൂമി, സർക്കാർ ഭൂമി, വഴികൾ, യാത്രാസൗകര്യങ്ങൾ, പ്രദേശ നിവാസികളുടെ ഉപജീവനമാർഗ്ഗം തുടങ്ങിയ പ്രധാനപ്പെട്ട വശങ്ങളെക്കുറിച്ച് സാമൂഹ്യ ആഘാത പഠനം നടത്തണം.

വകുപ്പ് 28, 29: ഭൂമി ആവശ്യമായ സ്ഥലങ്ങളിൽ ന്യായമായ നഷ്ടപരിഹാരം എത്രയും വേഗം താഴെ കൊടുത്തിരിക്കുന്ന മാനദണ്ഡങ്ങളനുസരിച്ച് നൽകണം:

- ആവശ്യമുള്ള സ്ഥലത്തിൻെറ വിസ്തീർണ്ണം
- കളക്ടറുടെ തീരുമാനമനുസരിച്ച് സ്ഥലത്തിൻെറ വില
- ഭൂമിയുടെയും കെട്ടിടങ്ങളുടെയും അനുബന്ധ സൗകര്യങ്ങളുടെയും വില
- ഭൂമി ഏറ്റെടുക്കുന്നതുവഴി ഉണ്ടാകുന്ന നഷ്ടങ്ങൾ
- ഭൂമി ഏറ്റെടുക്കുന്ന പ്രക്രിയയിൽ ഉണ്ടാകുന്ന നഷ്ടങ്ങൾ
- താമസവും തൊഴിൽ സ്ഥലങ്ങളും മാറുമ്പോൾ ഉടമസ്ഥർക്ക് ഉണ്ടാകുന്ന നഷ്ടങ്ങൾ
- ആദായ നഷ്ടം
- നഷ്ടപരിഹാരം
- സാമൂഹ്യ ആഘാത പഠനം പ്രസിദ്ധീകരിക്കുന്ന സമയം മുതൽ ഭൂമി വിലയുടെ 12% നിരക്കിന് പലിശ

സാമൂഹ്യ ആഘാത പഠനം നടത്തി ആഘാതം ലഘൂകരിക്കുന്നതിനുള്ള രൂപരേഖ പദ്ധതി നിർദ്ദേഷ്ടാവ് തയാറാക്കിയിട്ടുണ്ട്. ഭൂമി ഏറ്റെടുക്കുന്നതിൽ നിയമം അനുശാസിക്കുന്നവ പാലിക്കുവാൻ പദ്ധതി നിർദ്ദേഷടാവ് ബാധ്യസ്ഥനാണ്.

| ബാധിതമാകുന്ന വസ്തു വിവരങ്ങൾ | | | | |
|---|---|---|---|---|
| **Eranjoli Village** | | | | |
| **Sl.** | **Land Owners** | **Survey No** | **land Cents** | **Assets Affected** |
| 1 | Subaidha Plakkunni | | 70 cent | തെങ്ങ്-18, മാവ്-2 തേക്ക്-1 |
| 2 | Sara & Others | 23/1 | 12 cent | തെങ്ങ്-15 |
| 3 | Abdulla Haaji | 22/11, 24/21 | 34 cent | തെങ്ങ്-8, കമുക്-7 |
| 4 | Nazeema, D/o Mayeenkutty Haaji | 22/26-1 | 26 cent | തെങ്ങ്-14 |

# പഠനവുമായി ബന്ധപ്പെട്ട ചില ദൃശ്യങ്ങൾ





Regulator cum Bridge construction work is getting completed

©
കേരള സർക്കാർ
Government of Kerala
2024

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 13<br>Vol. XIII | തിരുവനന്തപുരം,<br>വെള്ളി<br>Thiruvananthapuram,<br>Friday | 2024 മേയ് 24<br>24th May 2024<br>1199 ഇടവം 10<br>10th Idavam 1199<br>1946 ജ്യേഷ്ഠം 3<br>3rd Jyaishta 1946 | നമ്പർ<br>No. | 1659 |

Form No.4

[ *See* Rule 11(3)]

NOTIFICATION.

DCKKD/8248/2022/B2.

Date : *14/05/2024*

WHEREAS, it appears to the Government of Kerala that the land specified in the schedule below is needed or likely to be needed for a public purpose, to wit for the acquisition of an extend of 0.2740 hectares of land in Cheruvannur village of Kozhikode District for the construction of Kuttyadi-Perincherikadavu regulator cum bridge approach road.

AND WHEREAS, in exercise of the powers conferred in sub-section (1) of section 4 of the Right to Fair Compensation and Transparency in Land Acquisition, Rehabilitation and Resettlement Act, 2013 (Central Act 30 of 2013), Government of Kerala have decided to conduct a Social Impact Assessment in the area specified in the schedule below.

Now, THEREFORE, sanction is accorded to the District level Social Impact Assessment Unit, Director, Don Bosco Arts & Science college, Iritty, Kannur to conduct a Social impact Assessment

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

study and to prepare a social impact Management plan as provided in the act, the process shall be completed within a 45 days, in any case.

ഫോറം നമ്പർ 4

ചട്ടം 11 (3) കാണുക.

വിജ്ഞാപനം.

ഡി.സി.കെ.കെ.ഡി/8248/2022- ബി2.　　　　　　　　　　തീയതി : *14/05/2024.*

കോഴിക്കോട് ജില്ലയിലെ ചെറുവണ്ണൂർ വില്ലേജിൽ നിന്നും കുറ്റ്യാടി- പെരിഞ്ചേരിക്കടവ് റഗുലേറ്റർ കം ബ്രിഡ്ജ് അപ്രോച്ച് റോഡ് നിർമ്മാണത്തിനായി ചുവടെയുള്ള പട്ടികയിൽ വ്യക്തമാക്കിയ 0.2740 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നത് പൊതു ആവശ്യമോ ആവശ്യത്തിനോ ആണെന്ന് കേരള സർക്കാരിന് ബോധ്യപ്പെട്ടതിനാലും,

കൂടാതെ 2013- ലെ സ്ഥലമെടുപ്പ് ആക്ടിന് വിധേയമായി ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള അവകാശം (സെൻട്രൽ ആക്ട് 30-2013) സെക്ഷൻ 4- ലെ ഉപവകുപ്പ് (1) ൽ നൽകിയിരിക്കുന്ന അധികാരങ്ങൾ വിനിയോഗിച്ചു കൊണ്ട് കേരള സർക്കാർ ചുവടെയുള്ള പട്ടികയിൽ വ്യക്തമാക്കിയ പ്രദേശത്ത് ഒരു സാമൂഹികാഘാത വിലയിരുത്തൽ പഠനം നടത്തുന്നതിന് തീരുമാനിച്ചു.

ആയതിനാൽ ആക്ടിൽ പറഞ്ഞിരിക്കുന്ന പ്രകാരം സാമൂഹികാഘാത പഠനം നടത്തി വ്യക്തമായ ഒരു സാമൂഹികാഘാത പദ്ധതി ലഭ്യമാക്കുന്നതിന് ജില്ലാതല സാമൂഹ്യപ്രത്യാഘാത വിലയിരുത്തൽ ഡയറക്ടർ, സോഷ്യൽ ഇംപാക്ട് അസ്സസ്സ്മെന്റ് യൂണിറ്റ്, ഡോൺ ബോസ്കോ ആർട്സ് & സയൻസ് കോളേജ്, ഇരിട്ടി, കണ്ണൂർ എന്ന ഏജൻസിയ്ക്ക് 45 ദിവസത്തിനുള്ളിൽ പഠനം പൂർത്തിയാക്കണമെന്ന വ്യവസ്ഥയ്ക്ക് വിധേയമായി അനുമതി നൽകുന്നു.

പട്ടിക.

(ഏറ്റെടുക്കുന്ന ഭൂമിയുടെ വിശദാംശങ്ങൾ)

*ജില്ല : കോഴിക്കോട്.*　　　　　　　　　　*താലൂക്ക് : കൊയിലാണ്ടി.*

*വില്ലേജ് : ചെറുവണ്ണൂർ*

(ഏകദേശ വിസ്തീർണ്ണം.)

| റീ.സ. | വില്ലേജ് | ദേശം | വിസ്തീർണ്ണം(ഹെക്ടറിൽ) |
|---|---|---|---|
| 22/1, 22/2, 22/3, 23/1, 23/5, 23/6, 23/7 | ചെറുവണ്ണൂർ | ആവള | 0.2740 Ha |

( ഒപ്പ് )

ജില്ലാകളക്ടർ

കോഴിക്കോട്.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2024

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by VEERAN T
Date:2024.05.24 08:51:41 +05:30

DCKKD/8248/2022-B2- (1)

കലക്ടറേറ്റ്,കോഴിക്കോട്
തീയ്യതി:28-05-2024

പ്രേഷകൻ

ജില്ല കളക്ടർ,
കോഴിക്കോട്.

സ്വീകർത്താവ്

ഡയറക്ടർ,
സോഷ്യൽ ഇംപാക്റ്റ് അസ്സസ്സ്മെന്റ് യൂണിറ്റ്
ഡോൺ ബോസ്കോ ആർട്സ് & സയൻസ് കോളേജ്
ഇരിട്ടി, കണ്ണൂർ.

സർ,

വിഷയം:- എൽ. എ.- കറ്റ്യാടി റഗുലേറ്റർ കം ബ്രിഡ്ജ് നിർമ്മാണം-സാമൂഹ്യ പ്രത്യാഘാത പഠനം നടത്തുന്നതിന് എജൻസിയെ നിയമിച്ചുകൊണ്ട് ഉത്തരവായത് - സംബന്ധിച്ച്.

സൂചന:- 1 . സർ ക്കാരിന്റെ 30/04/2023 ലെ ജി.ഒ. (എം.എസ്) 94/2023/ആർ.ഡി നമ്പർ ഉത്തരവ്

2 . കോഴിക്കോട് ജില്ലാകളക്ടറുടെ 25/08/2023 ലെ DCKKD/13641/2022-B3 നമ്പർ ഉത്തരവ്

3. കേരള ഗസറ്റ് (അസാധാരണം) നമ്പർ 1659,, തീയതി : 24/05/2024.

---

സൂചനയിലേയ്ക്ക് ശ്രദ്ധ ക്ഷണിക്കുന്നു. സൂചന 1 ഉത്തരവു പ്രകാരം ജില്ലാതലത്തിൽ പഠന ഏജൻസികളുടെ പാനൽ രൂപീകരിക്കുന്നതിന് നിർദ്ദേശിച്ചതനുസരിച്ച് കോഴിക്കോട് ജില്ലയിലെ ഭൂമി ഏറ്റെടുക്കൽ നടപടികളിൽ സാമൂഹ്യ പ്രത്യാഘാത പഠനം നടത്തുന്നതിനായി സൂചന 2 പ്രകാരം ജില്ലാതല ഏജൻസികളുടെ ഒരു പാനൽ രൂപീകരിച്ചിട്ടുള്ളതാണ്.

കറ്റ്യാടി റഗുലേറ്റർ കം ബ്രിഡ്ജ് നിർമ്മാണവുമായി ബന്ധപ്പെട്ട് കോഴിക്കോട് ജില്ല, കൊയിലാണ്ടി താലൂക്ക്, ചെറുവണ്ണൂർ വില്ലേജിലെ വിവിധ സർവെ നമ്പറുകളിൽ പെട്ട ഭൂമി ഏറ്റെടുക്കൽ നടപടികളിൽ സാമൂഹ്യ പ്രത്യാഘാത പഠനം നടത്തുന്നതിനായി മേൽ പാനലിൽ നിന്നും ഡയറക്ടർ, സോഷ്യൽ ഇംപാക്റ്റ് അസ്സസ്സ്മെന്റ് യൂണിറ്റ് ഡോൺ ബോസ്കോ ആർട്സ് & സയൻസ് കോളേജ്, ഇരിട്ടി, കണ്ണൂർ. എന്ന ഏജൻസിയെ നിയമിച്ചുകൊണ്ട് സൂചന 3 പ്രകാരം 4(1) വിജ്ഞാപനം

DCKKD/8248/2022-B2

പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതാണ്.

മേൽ സാമൂഹ്യ പ്രത്യാഘാത യൂണിറ്റിന് 01.01.2014 മുതൽ നിലവിൽ വന്ന ആക്ടിന് കീഴിലും ചട്ടത്തിൻ കീഴിലും ആവശ്യപ്പെടുന്ന പ്രകാരം സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന റിപ്പോർട്ട് 4 5 ദിവസത്തിനുള്ളിൽ തയ്യാറാക്കി സമർപ്പിക്കേണ്ടതാണ്. ഗസറ്റിന്റെ പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

വിശ്വസ്തതയോടെ
ഡെപ്യൂട്ടി കളക്ടർ(എൽ.എ.)
ജില്ലാകളക്ടർക്ക് വേണ്ടി

ഉള്ളടക്കം : സൂചന (3)

"This document is electronically approved in eOffice by RENJITH T V on 28-05-2024. Hence it does not require signature in ink"

Signed by
T V Renjith
Date: 28-05-2024 14:01:50